പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 816 — 30.06.2011 - ൽ മറുപടിക്ക്

## കയ്പ്പമംഗലം മണ്ഡലത്തിലെ സുനാമി പുനരധിവാസ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വി.എസ്. സുനിൽ കുമാർ<br>.... | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി)<br>.... |
| (എ) | കയ്പ്പമംഗലം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെ സുനാമി പുനരധിവാസ പദ്ധതികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | സുനാമി പുനരധിവാസ പദ്ധതിയിലെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | കയ്പ്പമംഗലം മണ്ഡലത്തിലെ സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള പാർപ്പിട നിർമ്മാണത്തിന് ഏതൊക്കെ ഏജൻസികളെയാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (ബി) | കയ്പ്പമംഗലം മണ്ഡലത്തിലെ പാർപ്പിട നിർമ്മാണം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെയും (5 സ്ഥലങ്ങൾ - കുളിമുട്ടം, പടിഞ്ഞാറെ വെമ്പല്ലൂർ, ചെന്ത്രാപ്പിന്നി, എടവിലങ്ങ്, പെരിഞ്ഞനം), അഴീക്കോട് സൈറ്റിലെ ഭവന നിർമ്മാണം 'അവാർഡ്'നെയുമാണ് ഏല്പിച്ചിരിക്കുന്നത്. |
| (സി) | ഇപ്രകാരം നിർമ്മിച്ച വീടുകളുടെ നിർമ്മാണത്തിന്റെ ഗുണനിലവാരമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) & (ഡി) | അഴീക്കോട് ഭവന നിർമ്മാണ പദ്ധതിയിൽ ചെറിയ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ദൂരീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | | |

- സെക്ഷൻ ഓഫീസർ.